## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2543. 09.03.2017 -ലെ മറുപടിക്ക്.

### കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. എ.നെല്ലിക്കുന്ന് :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ)കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരം തൊഴിൽ വകുപ്പ് പിരിച്ചു വരുന്ന ബിൽഡിംഗ് സെസ്സ് എത്ര ശതമാനമാണ്; എത്ര ലക്ഷം രൂപയുടെ കെട്ടിടങ്ങൾക്കാണ് സെസ്സ് ബാധകമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) 03/11/1995 - ൽ നിലവിൽ വന്ന ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ടിന്റെ 3-ാം വകുപ്പ് പ്രകാരം ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനം മുതൽ രണ്ട് ശതമാനം വരെ സെസ്സ് ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ 26/09/1996 – ലെ എസ്.ആർ. ഒ.നമ്പർ 2899 പ്രകാരം ആയത് ആകെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന പത്ത് ലക്ഷം രൂപയിൽ അധികരിക്കുന്ന നിർമ്മാണ ചെലവ് വരുന്ന വാസഗൃഹങ്ങൾക്കും, വ്യവസായ /വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും സെസ്സ് ബാധകമാണ്. |
| (ബി) സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികം ചെലവ് വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഈടാക്കുന്ന സെസ്സ് അധികമായി വരുന്ന തുകയ്ക്ക് മാത്രമാണോ സെസ്സ് ഈടാക്കുന്നത്; അല്ലെങ്കിൽ അത്തരത്തിൽ അധികമായി വരുന്ന തുകയ്ക്ക് മാത്രമായി സെസ്സ് ഈടാക്കുന്നതിന് നിയമ ഭേദഗതി നടത്താമോ? | (ബി) അല്ല. കെട്ടിടത്തിന്റെ മുഴുവൻ നിർമ്മാണ ചെലവിന്റെ ഒരു ശതമാനമാണ് ബിൽഡിംഗ് സെസ്സ് ആയി കണക്കാക്കുന്നത്. ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് സെസ്സ് ആക്ടിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ